SUNDAY 31-07-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S / Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-31/07/2022.

1. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകുന്നു. പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ളവർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477 2236294** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ചിപ്പിക്കൂൺ വിത്ത് വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പായ്ക്കറ്റിന് 45 രൂപയാണ് വില. ആവശ്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക;

4. സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ബിവേറിയ തുടങ്ങിയ ജീവാണു കുമിൾ/കീടനാശിനികൾ മണ്ണുത്തിയിലുള്ള സെയിൽസ് സെൻറ്റർ, വെള്ളാനിക്കരയിലെ സെൻട്രൽ നേഴ്സറി, ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP യൂണിറ്റ്, കണ്ണാറ വാഴ ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമാണ്.

**5.** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് ഉദ്ദേശം 50 ടൺ **മെയ്സ് സൈലേജ്** വിതരണം ചെയ്യുന്നതിന്

താൽപര്യമുള്ളവരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 09 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു നൂറ്റിഅറുപത് (160) രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

8. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തകഴി വില്ലേജിൽ ബ്ലോക്ക് നമ്പർ 29-ൽ 622/1, 622/2 റീസർവേ നമ്പരുകളിലെ 00.61.05 ഹെക്ടർ പുറമ്പോക്ക് നിലത്ത് രണ്ടാം കൃഷി ചെയ്യുന്നതിനുള്ള അവകാശം ഓഗസ്റ്റ് രണ്ടിന് രാവിലെ 11-ന് തകഴി വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്തു നൽകും. കൂടുതൽ വിവരങ്ങൾക്ക് **0477 2702221** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. കൂടാതെ മുല്ലയ്ക്കൽ വില്ലേജിൽ സർവെ 835/1എ1, 835/1എ2, 835/1എ4 എന്നിവയിൽ ബോട്ട്-ഇൻ ലാൻഡായി സർക്കാരിന്റെ അധീനതയിലുള്ള 2.16.51 ഹെക്ടർ (5.35 ഏക്കർ) നിലത്ത് 2022-23, 2023-24, 2024-25 വർഷത്തിൽ നെൽകൃഷി ചെയ്ത് വിളവെടുക്കുന്നതിനുള്ള അവകാശം ഓഗസ്റ്റ് നാലിന് രാവിലെ 11-ന് വില്ലേജ് ഓഫീസിൽ വച്ച് ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് **0477-2253771** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തിയിലെ കമ്മ്യൂണിക്കേഷൻ സെൻറർ കർഷകർക്കായി **നഴ്സറി പരിപാലനവും പ്രവർദ്ധനമാർഗങ്ങളും** എന്ന വിഷയത്തിൽ ഓഗസ്റ്റ് 3, 4, 5 തീയതികളിൽ പരിശീലന പരിപാടി നടത്തുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ വിവിധ നഴ്സറി പരിപാലന മാർഗ്ഗങ്ങളെയും ഒരുക്കേണ്ട സംവിധാനങ്ങളെയും പരിചയപ്പെടുത്തുന്നു. കൂടാതെ വിവിധ പ്രവർദ്ധനമാർഗങ്ങളായ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിങ് എന്നിവയിൽ പ്രവൃത്തി പരിചയം കരസ്ഥമാക്കാനും അവസരം ഒരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0487 2370773** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**10. കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

ജാതിയിലെ ഇല കൊഴിച്ചിൽ, കറയൊലിപ്പ്, വേരു ചീയൽ എന്നിവയ്ക്ക് ഇലകളിൽ ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കുക. കുമിൾബാധമൂലമുണ്ടാകുന്ന ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ചെമ്പു കലർന്ന കുമിൾ നാശിനികളിൽ ഒന്ന് (കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) മരത്തിന് ചുറ്റും തടമെടുത്ത് മരം ഒന്നിന് 10 മുതൽ 20 ലിറ്റർ വരെ എന്ന തോതിൽ മണ്ണിൽ ഒഴിച്ചു കൊടുക്കുക. തായ്ത്തടിയിൽ കറയൊലിക്കുന്ന ഭാഗത്ത് ബോർഡോ കുഴമ്പ് അല്ലെങ്കിൽ ഹെക്സാകോണാസോൾ 5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ പുരട്ടി മഴകൊള്ളാതെ സൂക്ഷിക്കുക.

**11. ആഫ്രിക്കൻ സൈ്വൻ ഫീവർ രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രത നിർദേശങ്ങൾ**

- കാട്ടുപന്നികളുടെയും അരഞ്ഞുതിരിയുന്ന പന്നികളുടെയും സമ്പർക്കം ഒഴിവാക്കുക.
- പന്നി ഫാമിലേക്ക് വരുകയോ പോവുകയോ ചെയ്യുന്ന വാഹനങ്ങൾ അണുവിമുക്തമാക്കുക. രണ്ടു ശതമാനം വീര്യമുള്ള സോഡിയം ഹൈപ്പോക്ലോറൈറ്റ്, സോഡിയം ഹൈഡ്രോക്സൈഡ്, പെർ അസറ്റിക് ആസിഡ്, കുമ്മായം എന്നിവ അണുനാശിനികളായി ഉപയോഗിക്കാം.
- പന്നിഫാമിലേക്കുള്ള സന്ദർശകരെ നിജപ്പെടുത്തിയും അവരുടെ വിവരങ്ങൾ എഴുതിയും സൂക്ഷിക്കുക.
- പന്നിഫാമിൽ പ്രവേശിക്കുന്നതിന് മുൻപ് ശുചിത്വം പാലിക്കുകയും കൈകൾ അണുവിമുക്തമാക്കുകയും ചെയ്യുക.
- പന്നിഫാമിലേക്ക് മറ്റു മൃഗങ്ങളോ എലികളോ പക്ഷികളോ കടക്കുന്നത് തടയുക. പക്ഷികൾ ഫാമിൽ കയറാതിരിക്കാൻ വശങ്ങളിൽ നെറ്റ് ക്രമീകരിക്കേണ്ടതാണ്.
- പന്നികളിൽ രോഗലക്ഷണം കാണുകയാണെങ്കിൽ അടുത്തുള്ള വെറ്ററിനറി ഡോക്ടറുമായി ബന്ധപ്പെടുക.

- പുതുതായി ഫാമിലേക്ക് പന്നിക്കുഞ്ഞുങ്ങളെ വാങ്ങുന്നത് താൽക്കാലികമായി ഒഴിവാക്കുക.
- തൊഴിലാളികളെ രോഗലക്ഷണങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും അവർ മറ്റു ഫാമുകളിലേക്ക് പോകുന്നത് തടയുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം